**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3363 14.07.2015- ൽ മറുപടിക്ക്**

**"വ്യവസായ മേഖലയുടെ വളർച്ച "**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എം.വി.ശ്രേയാംസ് കുമാർ**<br>**ശ്രീ. റോഷി അഗസ്റ്റിൻ**<br>**ഡോ. എൻ.ജയരാജ്** | **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിലുള്ള നയം വ്യക്തമാക്കുമോ; | എ) കേരള സംസ്ഥാനത്തെ എല്ലാ വ്യവസായ മേഖലയും സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായങ്ങൾ ഉൾപ്പെടെ പ്രോൽസാഹിപ്പിക്കുന്നതിനാവശ്യമായ നയം സർക്കാർ ഉത്തരവ് നം.ജി.ഒ(പി)52/15/വ്യവ. തീയതി: 08.05.2015 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br>സംസ്ഥാനത്ത് സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായ മേഖലയിൽ കൂടുതൽ വളർച്ച ഉറപ്പാക്കുന്നതിന് സർക്കാർ കർമ്മ പദ്ധതികൾ ആരംഭിക്കുകയും വേണ്ട സഹായങ്ങൾ നൽകി വരികയും ചെയ്യുന്നു. |
| ബി) ഈ മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി സംസ്ഥാനത്തെയും ജില്ലകളിലെയും മികച്ച വ്യവസായ സംരംഭകർക്ക് ജനറൽ, വനിത, എസ്.സി./എസ്.റ്റി വിഭാഗങ്ങൾക്ക് സംസ്ഥാന ജില്ലാതല അവാർഡുകൾ |

നൽകുന്നു. സംരംഭകരുടെ ഉൽപന്നങ്ങൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനായി വിശേഷ അവസരങ്ങളിൽ എക്സിബിഷനുകൾ നടത്തുന്നു. അഖിലേന്ത്യാ തലത്തിൽ മികച്ച ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നു. സംരംഭകർക്ക് മികച്ച മെഷിനറികൾ വാങ്ങുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ മെഷിനറി എക്സിബിഷനും നടത്തി യിട്ടുണ്ട്.

1. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/ താലൂക്ക്/ ബ്ലോക്ക്/ പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് ബോധവൽക്കരണം നടത്തുന്നു.

2. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനു വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകി വരുന്നു.

3. ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകി വരുന്നു.

4. വ്യവസായ എസ്റ്റേറ്റുകളിൽ ലഭ്യത അനുസരിച്ച് വ്യവസായ സംരംഭകർക്ക് വ്യവസായ ഭൂമി ലഭ്യമാക്കുന്നു.

കൂടാതെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി സംരംഭകത്വ സഹായ പദ്ധതി (ESS - Entrepreneur Support Scheme) നടപ്പിലാക്കി വരുന്നു.

സൂക്ഷ്മ -ചെറുകിട-ഇടത്തരം വ്യവസായ മേഖലയെ പ്രോൽസാഹിപ്പിക്കുന്നതിനും അവയെ സാമ്പത്തികമായി സഹായിക്കുന്നതിനും ലക്ഷ്യമിട്ട് അതിനുമുമ്പുണ്ടായിരുന്ന വിവിധ സ്കീമുകളെ സംയോജിപ്പിച്ചു കൊ ണ്ട് 01.04.2012 മുതൽ സംരംഭകത്വ സഹായ പദ്ധതി നിലവിൽ വന്നു. ഇത് വഴി വ്യവസായ സംരംഭകർക്ക് ഒറ്റത്തവണ സാമ്പത്തിക സഹായം നൽകി വരുന്നു. സംരംഭകർക്ക് ആകെ നിക്ഷേപത്തിന്റെ 15% (പരമാവധി 20 ലക്ഷം രൂപ) വരെ സബ്സിഡി നൽകുന്നു. വനിതാ സംരംഭകർ, പട്ടിക ജാതി-പട്ടിക വർഗ്ഗ സംരംഭകർ, യുവ സംരംഭകർ മുതലായവർക്ക് 20% (പരാമാവധി 30 ലക്ഷം രൂപ) വരെ സബ്സിഡി നൽകി വരുന്നു. ഇതിനു പുറമെ 9 തരം വ്യവസായങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി (പരമാവധി 10 ലക്ഷം രൂപ) നൽകി വരുന്നു. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട മുതലായ ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ആകെ നിക്ഷേപത്തിന്റെ 15%-നു പുറമേ 10% അധിക സബ്സിഡി (പരമാവധി 10 ലക്ഷം രൂപ) നൽകുന്നു. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ അംഗീകരിച്ചിട്ടുള്ള ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക വിദ്യ കരസ്ഥമാക്കി സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് 10% അധിക സബ്സിഡി (പരമാവധി 10 ലക്ഷം രൂപ) നൽ കുന്നു.

| | | | |
|---|---|---|---|
| | | | കൂടാതെ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം, നിലവിലുള്ള ഡെവലപ്മെന്റ് ഏരിയ/പ്ലോട്ട് നവീകരണത്തിനായി 70:30 സ്കീം, 60:40 സ്കീം, പുതിയ ഡെവലപ്മെന്റ് ഏരിയ/പ്ലോട്ട് രൂപീകരണം എന്നിവയും വ്യവസായ മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനായി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഇത്തരം സ്ഥാപനങ്ങൾക്ക് ആവശ്യമായ തരത്തിൽ വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | (സി) | സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ധനകാര്യസ്ഥാപനങ്ങളിലേയ്ക്ക് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**